

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## ഒരു കോടി രൂപയുടെ ഹാഷിഷ് ഓയിലുമായി മലപ്പുറം സ്വദേശികൾ പാലക്കാട് പിടിയിൽ

ചില്ലറ വിപണിയിൽ ഒരു കോടി രൂപ വിലമതിക്കുന്ന 3 കിലോ 200 ഗ്രാം ഹാഷിഷ് ഓയിലുമായി രണ്ട് മലപ്പുറം ജില്ലക്കാർ പാലക്കാട് പിടിയിലായി. മലപ്പുറം, മേലാറ്റൂർ, വെള്ളിയഞ്ചേരി സ്വദേശികളായ മുഹമ്മദ് റാഷിദ്, വ : 27, മുജീബ് റഹ്മാൻ വ : 36 എന്നിവരെയാണ് പാലക്കാട് നോർത്ത് പോലീസ് അറസ്റ്റ് ചെയ്തത്.



ഒലവക്കോട് റെയിൽവേ സ്റ്റേഷൻ റോഡിൽ പാലക്കാട് ഡാൻസാഫ് സ്ക്വാഡും , ടൗൺ നോർത്ത് പോലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ലഹരിക്കടത്ത് പിടികൂടിയത്. ആന്ധ്രപ്രദേശിലെ പാഡേരു എന്ന സ്ഥലത്തു നിന്നുമാണ് ട്രെയിൻ മാർഗ്ഗം പ്രതികൾ ഹഷീഷ് ഓയിൽ കൊണ്ടുവന്നത്. രഹസ്യ കേന്ദ്രത്തിലെത്തിച്ച് ചെറു ബോട്ടിലുകളിൽ നിറച്ചാണ് ചില്ലറ വിൽപ്പന നടത്തി വരുന്നത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി R. വിശ്വനാഥ് IPSന്റെ നിർദ്ദേശത്തെത്തുടർന്ന് പാലക്കാട് നർക്കോട്ടിക് സെൽ DySP CD. ശ്രീനിവാസിന്റെ മേൽനോട്ടത്തിൽ പാലക്കാട് ടൗൺ നോർത്ത് സബ് ഇൻസ്പക്ടർ രാജേഷ്, SCPO സലീം, CPO സുരേഷ് കുമാർ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ T. R. സുനിൽ കുമാർ, റഹിം മുത്തു, സൂരജ് ബാബു, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S. ഷമീർ, സൈബർ സെൽ ഉദ്യാഗസ്ഥൻ K. V. ഗോവിന്ദനുണ്ണി എന്നിവരടങ്ങിയ സംഘമാണ് ലഹരിക്കടത്ത് പിടികൂടിയത്

